(ബി) എങ്കിൽ ഈ കാലതാമസത്തിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) രജിസ്ട്രേഷനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി വ്യവസായ വകുപ്പ് നിരവധി ആനുകൂല്യങ്ങളും സൗകര്യങ്ങളും ഇപ്പോൾത്തന്നെ നൽകിവരുന്നുണ്ട്. ഉദാഹരണം മൂലധനനിക്ഷേപ സബ്സിഡി, വിൽപ്പന നികുതി ഇളവ് മുതലായ ആനുകൂല്യങ്ങൾ തുടങ്ങിയവ.

മേച്ചിൽ ഓട് നിർമ്മാണ മേഖല

11 (1352)ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേച്ചിൽ ഓട് നിർമ്മാണ മേഖല ആധുനീകവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതികളുടെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) മേച്ചിൽ ഓട് മേഖലയിൽ ഇപ്പോൾ എത്ര തൊഴിലാളികൾ പണിയെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മേച്ചിൽ ഓട് നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓട് വ്യവസായം ആധുനീകവൽക്കരിക്കുന്നതിന്റെ ഭാഗമായി ഈ വ്യവസായത്തെ ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ പാപ്പനംകോട് പ്രവർത്തിക്കുന്ന റീജീയണൽ റിസർച്ച് ലബോറട്ടറിയുമായി ചേർന്ന് 56.22 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് അംഗീകരിക്കുകയും അതിൽ വ്യവസായ വകുപ്പിന്റെ വിഹിതമായ

LIBRARY ARCHIVES Kerala Legislative Assembly

30.22 ലക്ഷം രൂപയും ആദ്യവർഷ വിഹിതമായി 17 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. താഴെ പറയുന്നവയാണ് ഇതിന്റെ പ്രധാന നടപടികൾ.

1) ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനായി പുതിയ ഉല്പന്നങ്ങൾ കണ്ടുപിടിക്കുക.

2) ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധനവിനായി ഗുണമേന്മയുള്ള കളിമണ്ണ് നിക്ഷേപം കണ്ടെത്തുക. അതിന്റെ ഭാഗമായി തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ സർവേ നടത്തി കളിമൺ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഭൂപടം തയ്യാറാക്കിവരുന്നു.

3) നിലവിലുള്ള പഴഞ്ചൻ യന്ത്രങ്ങൾക്കു പകരം ആധുനിക യന്ത്രങ്ങൾ സ്ഥാപിക്കുക.

(4) ഈ രംഗത്തെ ഊർജ്ജ സംരക്ഷണത്തിനും തദ്വാര ഉല്പാദന ച്ചെലവ് കുറയ്ക്കുന്നതിനും ആവശ്യമായ പുതിയ സാങ്കേതിക വിദ്യ രൂപപ്പെടുത്തുക.

(5) മറ്റൊരു അസംസ്കൃത പദാർത്ഥം കണ്ടെത്തുക.

ഇതിനുപുറമെ ദീർഘകാലാടിസ്ഥാനത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കൂടി പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കും.

(1) സംസ്കരിച്ച അസംസ്കൃത പദാർത്ഥങ്ങൾ രൂപപ്പെടുത്തുക.

(2) ഓടു വ്യവസായ സ്ഥാപനങ്ങളിൽ ഗുണമേന്മ പരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുക.

(3) പുതിയ കളിമണ്ണ് സംസ്ക്കരണ സാങ്കേതിക വിദ്യ രൂപപ്പെടുത്തിയെടുക്കുക.

(4) ഈ മേഖലയിൽ നടപ്പാക്കാൻ പോകുന്ന ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും സംബന്ധിച്ച് വ്യവസായികൾക്ക് ബോധവൽക്കരണ പരിശീലനം സംഘടിപ്പിക്കാനുള്ള കേന്ദ്രം സ്ഥാപിക്കുക.

(5) ഓട് വ്യവസായത്തിന് പ്രത്യേക വിപണന തന്ത്രം ആവിഷ്ക്കരിക്കുക.

(സി) ഉദ്ദേശം ഒരു ലക്ഷം തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ എടുക്കുന്നുണ്ട്.

(ഡി) ഓട് വ്യവസായ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠിക്കുവാനായി സർക്കാർ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ഈ മേഖലയുടെ പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കുകയും പ്രശ്ന പരിഹാരങ്ങൾക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓട് വ്യവസായത്തെ ആധുനീകരണത്തിലൂടെയും വൈവിദ്ധ്യവൽക്കരണത്തിലൂടെയും പുനരുദ്ധരിച്ചുകൊണ്ട് വരിക എന്നതാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇത്തരുണത്തിൽ 'ബി' വിഭാഗം ചോദ്യത്തിന് നൽകിയിട്ടുള്ള ഉത്തരം കണ്ടാലും.

ചെറുകിട വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

12 (1353)<u>ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ</u> :

<u>ശ്രീ. വി. ബാലറാം</u> :

<u>ശ്രീ. വി.ജെ. പൗലോസ്</u> :

LIBRARY ARCHIVES Kerala Legislative Assembly